**By E-mail**

## കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്,എറണാകുളം

നമ്പർ .G3-18975/12 തീയതി:15/05/2017

**സർക്കുലർ നമ്പർ 7/2017-18**

വിഷയം: കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് (പെൻഷൻ & റിവൈസ്ഡ് ആർ.ടി.ബി.) ക്രമീകരണം, 1997 പ്രകാരമുള്ള പെൻഷൻ, സ്കാറ്റേർഡ് വിഭാഗം പെൻഷൻ - ലൈഫ് സർഫിക്കറ്റ് - മസ്റ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നതിനു നിർദേശം നൽകുന്നത് സംബന്ധിച്ച്.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ (പെൻഷൻ & റിവൈസ്ഡ് ആർ.ടി.ബി.) ക്രമീകരണം, 1997 പെൻഷൻ, സ്കാറ്റേർഡ് വിഭാഗം പദ്ധതി എന്നിവ പ്രകാരം പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ നിലവിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. ഇതുപല ഗുണഭോക്താക്കൾക്കും അസൗകര്യങ്ങളും അധിക ചിലവും സൃഷ്ട്ടിക്കുന്നു.

ഗുണഭോക്താക്കൾക്കുണ്ടാകുന്ന അസൗകര്യങ്ങളും അധികചിലവും ഒഴിവാക്കുവാൻ പെൻഷൻ വിതരണം നടത്തുന്ന എല്ലാ ഓഫീസുകളിലും ഉള്ളടക്കം ചെയ്ത മാതൃകയിൽ മസ്റ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. അൺഅറ്റാച്ച്ഡ് വിഭാഗത്തിലും സ്കാറ്റേർഡ് വിഭാഗത്തിലും പ്രത്യേക മസ്റ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇതിന്റെ കസ്റ്റോടിയൻ ജില്ല കമ്മിറ്റി ചെയർമാൻ നിശ്ചയിക്കുന്ന ജൂനിയർ സൂപ്രണ്ടിന്റെ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ആയിരിക്കണം. പെൻഷൻ തുടർന്നും ലഭിക്കാൻ വർഷത്തിലൊരിക്കൽ ഗുണഭോക്താവ് മസ്റ്ററിംഗ് രജിസ്റ്റർ കസ്റ്റോഡിയന്റെയോ മേലുദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഒപ്പിടേണ്ടതാണ്. ഇങ്ങനെ ഒപ്പിടുന്ന ഗുണഭോക്താവ് ആ സാമ്പത്തിക വർഷം വേറെ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.

സ്കാറ്റേർഡ് വിഭാഗത്തിനുള്ള മസ്റ്ററിംഗ് രജിസ്റ്റർ സ്കാറ്റേർഡ് വിഭാഗം പെൻഷൻ നൽകുന്ന ഓഫീസിൽ മാത്രം സൂക്ഷിച്ചാൽ മതിയാകും.

ഓഫീസിൽ നേരിട്ട് ഹാജരായി മസ്റ്ററിംഗ് രജിസ്റ്ററിൽ ഒപ്പിടാൻ പ്രയാസമുള്ള ഗുണഭോക്താക്കൾക്ക് ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കി പെൻഷൻ തുടർന്നും കൈപ്പറ്റാനുള്ള സൗകര്യം തുടരുന്നതാണ്.

ഒപ്പ്
**ചീഫ് എക്സിക്യൂട്ടീവ്** (i/c)

പകർപ്പ്:
1. എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്കും
2. സെക്രട്ടറി, ഫിനാൻസ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ
3. ജൂനിയർ സൂപ്രണ്ട്, വെബ് അഡ്മിനിസ്ട്രേറ്റർ, സ്റ്റോക്ക് ഫയൽ

// ഉത്തരവിൻ പ്രകാരം//

അക്കൗണ്ട്സ് ഓഫീസർ

# MUSTER REGISTER

| Sl. No | NAME | PENSION NUMBER | REGISTER NUMBER | TYPE OF PENSION | DATE OF SIGNING THIS REGISTER | SIGNATURE | SIGNED IN THE PRESENCE OF |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

NB: പെൻഷൻ നമ്പർ = ഓൺലൈനിൽ ആദ്യ കോളം ആയ ഫയൽ ഐ.ഡി യിൽ കാണുന്ന നമ്പർ